**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1430** — 11.06.2019 -ൽ മറുപടിയ്ക്ക്

**ചാലക്കുടി റവന്യൂ ടവറിന്റെ നിർമ്മാണം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.ബി.ഡി. ദേവസ്സി : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) മുൻവർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ചാലക്കുടി റവന്യൂ ടവർ നിർമ്മാണം ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ചാലക്കുടി നഗരസഭയുടെ ഉടമസ്ഥതയിൽ പോട്ടയിലുള്ള സ്ഥലത്ത് റവന്യൂ ടവർ നിർമ്മിക്കുന്നതിനായി നഗരസഭ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അനുമതി നൽകുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(സി) ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ? | (ബി) യും (സി) യും റവന്യൂ ടവറിന് ശുപാർശ ചെയ്തിരുന്ന കിഴക്കെ ചാലക്കുടി വില്ലേജ് സർവ്വെ 435/1, 437/1, 437/2 സർവ്വെ നമ്പറുകളിലെ 3.65 ഏക്കർ ഭൂമിയ്ക്ക് പകരമായി നഗരസഭ നിർദ്ദേശിച്ച പേരാമ്പ്ര വില്ലേജ് സർവ്വെ 133/11, 134/2, 3, 4, 5 യിൽ ഉൾപ്പെട്ട പോട്ടയിലെ 1 ഏക്കർ സ്ഥലം താഴെ പറയുന്ന കാരണങ്ങളാൽ റവന്യൂ ടവർ നിർമ്മാണത്തിന് അനുയോജ്യമായി കാണുന്നില്ല എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>1. പ്രസ്തുത ഭൂമി മിനി മാർക്കറ്റ് സ്ഥാപിക്കുന്നതിന് ചാലക്കുടി നഗരസഭ അക്വയർ ചെയ്തിട്ടുള്ളതാണ്. ഒരു പ്രത്യേക ആവശ്യത്തിന് അക്വയർ ചെയ്ത ഭൂമി മറ്റൊരാവശ്യത്തിന് വിനിയോഗിക്കുവാൻ നിർവ്വാഹമില്ലെന്ന് അറിയുന്നു.<br>2. പ്രസ്തുത ഭൂമി ബി.റ്റി.ആർ പ്രകാരം നിലമായി പറഞ്ഞിട്ടുള്ളതാണ്.<br>3. പ്രസ്തുത ഭൂമിയിൽ നഗരസഭയ്ക്ക് ഏകദേശം 3.5 കോടി രൂപയുടെ ബാധ്യതയുണ്ടെന്നും അറിയുന്നു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**